പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6648 04/04/2018-ൽ മറുപടിക്ക്

## വിദ്യാഭ്യാസ അവകാശ നിയമം

**ചോദ്യം**

ശ്രീ. അൻവർ സാദത്ത്:

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പമന്ത്രി)

(എ) 2009 ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് പൂർണ്ണ തോതിൽ നടപ്പിലാക്കവാനാവശ്യമായ പഠനം നടത്തുന്നതിന് സമിതിയെ നിയോഗിച്ചിട്ടുണ്ടോ: വിശദാംശം നൽകുമോ;

(എ) ഉണ്ട്. 19/10/2017-ലെ സ.ഉ (സാധാ) നം. 3779/2017/പൊവിവ പ്രകാരം 2009-ലെ വിദ്യാഭ്യാസ അവകാശനിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് ആവശ്യമായ പഠനം നടത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് താഴെപ്പറയുന്നവർ അംഗങ്ങളായി ഒരു വിദഗ്ധ സമിതി രൂപവത്കരിച്ചിട്ടുണ്ട്.

1. ഡോ. എം.എ. ഖാദർ (എസ്.സി.ഇ.ആർ.ടി മുൻ ഡയറക്ടർ) (ചെയർമാൻ)
2. ശ്രീ. ജ്യോതി ചൂഡൻ (റിട്ട. സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്)
3. ഡോ. സി. രാമകൃഷ്ണൻ, പാലാട്ട് ഹൗസ്, പീലിക്കോട് (പി.ഒ), കാസർഗോഡ്.

സമിതിയുടെ പരിഗണനാ വിഷയങ്ങളായി നിശ്ചയിച്ചിട്ടുള്ളത് താഴെ പറയുന്നവയാണ്.

1). 2009 ലെ വിദ്യാഭ്യാസ അവകാശനിയമം സംസ്ഥാനത്ത് നടപ്പാക്കുന്നത് സംബന്ധിച്ച് ഘടനാപരവും അക്കാദമികപരവുമായ എല്ലാ വശങ്ങളും പഠിച്ച് നിർദ്ദേശങ്ങൾ രൂപീകരിക്കൽ.

2). ഇതനുസരിച്ച് നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വന്ന നോട്ടിഫിക്കേഷനിൽ കൂടുതൽ വ്യക്തത വരുത്തേണ്ട ഭാഗങ്ങൾ ഉണ്ടെങ്കിൽ അത് പരിശോധിച്ച് നിർദ്ദേശങ്ങൾ രൂപീകരിക്കൽ.

3). 2009 ലെ വിദ്യാഭ്യാസ അവകാശനിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കേരള വിദ്യാഭ്യാസ നിയമങ്ങളിലും ചട്ടങ്ങളിലും വരുത്തേണ്ട ഭേദഗതികൾ പരിശോധിച്ച് നിർദ്ദേശങ്ങൾ രൂപീകരിക്കൽ.

സ.ഉ (സാധാ) നം. 941/2018/പൊവിവ തീയതി 3/3/18 പ്രകാരം വിദഗ്ധസമിതി റിപ്പോർട്ട് സമർപ്പിക്കേണ്ട കാലാവധി ആറുമാസത്തേക്കുകൂടി നീട്ടിയിട്ടുണ്ട്.

(ബി) പ്രസ്തുത നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള വിദ്യാഭ്യാസ നിയമത്തിലും ചട്ടത്തിലും എന്തെങ്കിലും ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?.

(ബി) മേൽ പരാമർശിച്ച സമിതിയുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം വിദ്യാഭ്യാസ അവകാശ നിയമവുമായി ബന്ധപ്പെട്ട് കെ.ഇ.ആറിൽ വരുത്തേണ്ട ഭേദഗതികളെക്കുറിച്ച് തീരുമാനിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ